# ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

മതിലകം ഓഫീസ്, ഫോർട്ട്,തിരുവനന്തപുരം-695 023

NO.C.1/SPST/2024/2823 05.10.2024

## ക്വട്ടേഷൻ നോട്ടീസ്

## അൽപശി ഉത്സവം-2024

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ 31.10.2024 ൽ തുടങ്ങുന്ന അൽപശി ഉത്സവത്തോടനുബന്ധിച്ച് 08.11.2024ൽ നടക്കുന്ന പള്ളിവേട്ടയ്ക്കും09.11.2024ൽ നടക്കുന്ന ആറാട്ടിനും ഘോഷയാത്ര കടന്നുപോകുന്ന സ്ഥലങ്ങളിൽ ഈ ഓഫീസിൽനിന്നുള്ള നിർദേശ പ്രകാരം ഹാലജൻ ലൈറ്റുകൾ കത്തിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. അതനുസരിച്ച് 08.11.2024 പള്ളിവേട്ട ദിവസം ക്ഷേത്രത്തിന്റെ പടിഞ്ഞാറേനടയിൽ എൽ.ഇ.ഡി.200/400 വാൾട്ടിന്റെ 20ലൈറ്റും, വടക്കേനടയിൽ എൽ.ഇ.ഡി. 200/400 വാൾട്ടിന്റെ 20 ലൈറ്റും, വേട്ടകളത്തിൽ എൽ.ഇ.ഡി. 200/400 വാൾട്ടിന്റെ 20 ലൈറ്റുംആയത് കത്തിക്കുന്നതിനാവശ്യമായ 25 കെ.വി.ജനറേറ്ററും, 09.11.2024 ആറാട്ട്ദിവസം ശംഖുമുഖം ആറാട്ട്കടവിൽ 200/400 വാൾട്ടിന്റെ എൽ.ഇ.ഡി.ഫ്ളഡ് ലൈറ്റ് 35 എണ്ണവും,4 ടവർകെട്ടി 200/400 വാൾട്ടിന്റെഎൽ.ഇ.ഡി.ലൈറ്റ് 30 എണ്ണവും, 6 പാർ ലൈററും ആയത് പ്രകാശിപ്പിക്കുന്നതിനാവശ്യമായ 62 കെ.വി.ജനറേറ്ററും പ്രവർത്തിപ്പിക്കുന്നതിനും കൂടാതെ31.10.2024മുതൽ 09.11.2024 വരെ പടിഞ്ഞാറേനട മുതൽറോഡുവരെയും വടക്കേനട മുതൽ റോഡുവരെയും സീരിയൽസെറ്റും, ട്യൂബുലൈറ്റുകളും കെട്ടി അലങ്കരിക്കുന്നതിലേക്കും, 31.10.2024 മുതൽ 08.11.2024 വരെ കലാപരിപാടികൾ നടക്കുന്ന 2 സ്റ്റേജിനാവശ്യമായ സൗണ്ട്സിസ്റ്റം, ലൈറ്റ് എന്നിവ പ്രവർത്തിപ്പിക്കുന്നതിനും പണിക്കൂലിഅടക്കം രേഖപ്പെടുത്തി കാണിച്ച് ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.ക്വട്ടേഷനുകൾ 17.10..2024 വൈകുന്നേരം 03.00 മണിയ്ക്കകം ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ സീൽഡ് കവറിൽ സമർപ്പിക്കേണ്ടതാകുന്നു. ലഭിക്കുന്ന ക്വട്ടേഷനുകൾ അന്നേദിവസം വൈകുന്നേരം 3.30 മണിയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരിൽഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ പൊട്ടിക്കുന്നതുമാകുന്നു.

ക്വട്ടേഷൻ സ്ഥിരപ്പെടുത്തുവാനോ, നിരസിക്കാനോ ഉള്ള പൂർണ്ണ അവകാശം എക്സിക്യൂട്ടീവ് ഓഫീസർക്ക് ആയിരിക്കും.ടെണ്ടർ സമർപ്പിക്കുന്നവർക്ക് ബി ക്ലാസ്സ്/ സി ക്ലാസ്സ് ഇലക്ട്രിക്കൽ ലൈസൻസ് ഉണ്ടായിരിക്കേണ്ടതാണ്.ലൈസൻസിന്റെ പകർപ്പ് ടെണ്ടറിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. തുക കുറവായി കാണുന്ന ക്വട്ടേഷൻ സ്വീകരിക്കാവുന്നതാണെങ്കിലും എക്സിക്യൂട്ടീവ് ഓഫീസറുടെ യുക്താനുസരണം കുത്തക സ്ഥിരപ്പെടുത്തുവാനോ നിരസിക്കുവാനോ അവകാശമുണ്ടായിരിക്കുന്നതുമാണ്. പ്രസ്തുത ലൈറ്റുകൾ എല്ലാം ടി ദിവസം വൈകുന്നേരം 6 മണിയ്ക്ക് കത്തിച്ച് ചുമതലക്കാരെ ബോദ്ധ്യപ്പെടുത്തി അവരുടെ നിർദേശാനുസരണം പ്രവർത്തിക്കേണ്ടതാണ്.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് '**ഹാലജൻ ലൈററിനായുള്ള ക്വട്ടേഷൻ**' എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്: എ.ഓ, എ.എഫ്.ഓ, മാനേജർ,അസി:അക്കൗണ്ട്സ് ഓഫീസർ, ആഡിററ്, ഇലക്ട്രീഷ്യൻ, നോട്ടീസ് ബോർഡ്, വെബ്സൈററ് 4 നടകൾ, സ്റ്റോക്ക് ഫയൽ സെക്ഷൻ.

**Sree Padmanabha Swamy Temple**
Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 2450 031, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com

NO.C.1/SPST/2024/2823 05.10.2024

## <u>ക്വട്ടേഷൻ നോട്ടീസ്</u>

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ 2024 അൽപശി ഉത്സവം പ്രമാണിച്ച് കലശങ്ങളും, ഉത്സവശ്രീബലികളും വഴിപാടായി നടത്തുന്ന ഭക്തന്മാർക്ക് പ്രസാദം കൊടുക്കുന്നതിലേയ്ക്ക് 40 ഗ്രാമിന്റെ വെള്ളിയിലുള്ള 20 ചെറിയ വെള്ളിതട്ടങ്ങളും 16 ചെറിയ വെള്ളി കുടങ്ങളും തയ്യാർ ചെയ്ത് 2024 ഒക്ടോബർ 25-ാം തീയതി വൈകുന്നരം 5 മണിയ്ക്കകം തരേണ്ടതാണ്. ആയതിനുള്ള തുക രേഖപ്പെടുത്തി കൊണ്ടുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ 17.10.2024ന് വൈകുന്നേരം 03.00 മണിയ്ക്കകം മതിലകം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

അന്നേ ദിവസം വൈകുന്നേരം 03.45 മണിയ്ക്ക് ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതാണ്. പരിശോധനയിൽ ഏററവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതും സമർപ്പിച്ചയാളിന് വർക്ക് ഓർഡർ നൽകുന്നതുമായിരിക്കും. വർക്ക് ഓർഡർ ലഭിച്ചയാൽ ടി സാധനങ്ങൾ തയ്യാർ ചെയ്ത് 2024 ഒക്ടോബർ 25-ാം തീയതി വൈകുന്നേരം 5 മണിയ്ക്കകം തരേണ്ടതാണ്. പ്രസ്തുത സാധനങ്ങൾ അപ്രൈസറെകൊണ്ട് പരിശോധിപ്പിക്കുന്നതും ആയതിന്റെ പ്യൂരിറ്റി നോക്കുന്നതുമാണ്. ക്വട്ടേഷനുകൾ സ്ഥിരപ്പെടുത്താനോ, നിരസ്സിക്കാനോ ഉള്ള അധികാരം എക്സിക്യൂട്ടീവ് ഓഫീസർക്കായിരിക്കും.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് "**ഉത്സവത്തിനായുള്ള വെള്ളിക്കുടങ്ങളും, വെള്ളിത്തട്ടങ്ങൾക്കുമായുള്ള ക്വട്ടേഷൻ**" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്- എ.ഓ, എ.എഫ്.ഓ, മാനേജർ, അസി:അക്കൗണ്ട്സ് ഓഫീസർ, ആഡിററ്, , നോട്ടീസ് ബോർഡ്, വെബ് സൈററ്, നാലുനടയിലും, സ്റ്റോക്ക് ഫയൽ.

ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

മതിലകം ഓഫീസ്, ഫോർട്ട്,തിരുവനന്തപുരം-695 023

NO.C.1/SPST/2024/2823 05.10.2024

**ക്വട്ടേഷൻ നോട്ടീസ്**

**വിഷയം:- 2024ാം മാണ്ട് അൽപശി ഉത്സവത്തിന് ബാരിക്കേട് കെട്ടുന്നത് സംബന്ധിച്ച്.**

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ 2024 ലെ അൽപശി ഉൽസവ ത്തോടനുബന്ധിച്ച് 08.11.2024ൽ നടക്കുന്ന പള്ളിവേട്ടയ്ക്കും 09.11.2024ൽനടക്കുന്ന ആറാട്ടിനും പടിഞ്ഞാറേ നട, വടക്കേനട, വേട്ടക്കളം, ശംഖുമുഖം,ആറാട്ട് കടവ് എന്നിവിടങ്ങളിൽ ഭക്തജനങ്ങളെ നിയന്ത്രിച്ച്, ടി ചടങ്ങുകൾ സുഗമമായി നട ത്തുന്നതിനുമായി, ബാരിക്കേടുകൾ 1200 അടി നീളത്തിൽ കെട്ടുന്നതിലേയ്ക്കും, കൂടാതെ മൂന്ന് ഡിസ്പ്ലേ ററി.വി വോൾ സ്ഥാപിക്കുന്നതിനുള്ള സ്റ്റാൻഡുകൾക്കു മ്മായി ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു. പ്രസ്തുത ജോലി എത്രരൂപ (ജി.എസ്. ററി ഉൾപ്പെടെ) പ്രതിഫലം പറ്റിക്കൊണ്ട് പണി തീർക്കാമെന്ന് കാണിച്ച് ക്വട്ടേ ഷൻ സമർപ്പിക്കാൻ താൽപര്യമുള്ളവർ 17.10.2024 വൈകുന്നേരം 3.00 മണിയ്ക്കകം ക്ഷേത്ര ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ ക്വട്ടേഷൻ സമർപ്പിക്കേണ്ട താണ്. ലഭിക്കുന്ന ക്വട്ടേഷൻ അന്നേദിവസം വൈകുന്നേരം 04.00 മണിക്ക് ക്വട്ടേഷ ൻ സമർപ്പിച്ചവരിൽ അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിധ്യത്തിൽ തുറന്ന് പരി ശോധിക്കുന്നതായിരിക്കും.പരിശോധനയിൽ ഏററവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതും, സമർപ്പിച്ചയാളിന് വർക്ക്ഓർഡർ നൽകുന്നതുമാ യിരിക്കും.വർക്ക് ഓർഡർ ലഭിച്ചയാൽ പള്ളിവേട്ടയ്ക്കും , ആറാട്ടിനും രണ്ട് ദിവസം മുൻപ് അതാത് സ്ഥലങ്ങളിലെ ബാരിക്കേടുകളുടെ പണിപൂർത്തീകരിച്ചിരിക്കണം.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് '**ബാരിക്കേടിനുള്ള ക്വട്ടേഷൻ**'എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്: എ.ഒ, എഫ്.എ.ഒ,മാനേജർ,അസ്സി.അക്കൗണ്ട്സ് ഓഫീസർ, ആഡിററ്, വെബ് സൈററ്, നോട്ടീസ് ബോർഡ് 4 നടകൾ. സ്റ്റോക്ക് ഫയൽ സെക്ഷൻ

Sree Padmanabha Swamy Temple
Mathilakam Office, Ulsavamadom Building,North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 2450 031, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com

NO.C.1/SPST/2024/2823 05.10.2024

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ 2024 അൽപശി ഉൽസവത്തോടനുബന്ധിച്ച് കിഴക്കേ നടയിൽ പടികെട്ടിന് താഴെ 32*20= 640 സ്വക്യർ ഫീററിൽ ഒരു സ്റ്റേജും, ക്ഷേത്രത്തിനകത്ത് ശ്രീപാദം നടയ്ക്ക് സമീപം 24*20=480 സ്വക്യർ ഫീററിൽ ഒരു സ്റ്റേജും കെട്ടുന്നതിന് ആയതിനുള്ള തുക (ജി.എസ്.ററി ഉൾപ്പെടെ) രേഖപ്പെടുത്തി കൊണ്ടുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷൻ സമർപ്പിക്കാൻ താൽപ്പര്യമുള്ളവർ 17.10.2024 വൈകുന്നേരം 03.00 മണിയ്ക്ക് മുൻപേ മതിലകം ഓഫീസിൽ സ്ഥാപിച്ചിട്ടുള്ള ടെണ്ടർ ബോക്സിൽ സീൽഡ് കവറിൽ സമർപ്പിക്കേണ്ടതാണ്.

ലഭിക്കുന്ന ക്വട്ടേഷൻ അന്നേദിവസം വൈകുന്നേരം 04.15 മണിയ്ക്ക് ക്വട്ടേഷൻ സമർപ്പിച്ചവരിൽ അപ്പോൾ ഹാജരായിട്ടുള്ളവരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതായിരിക്കും. പരിശോധനയിൽ ഏററവും കുറഞ്ഞ തുകയ്ക്കുള്ള ക്വട്ടേഷൻ അംഗീകരിക്കുന്നതും സമർപ്പിച്ചയാളിന് വർക്ക് ഓർഡർ നൽകുന്നതുമായിരിക്കും. വർക്ക് ഓർഡർ ലഭിച്ചയാൽ 28.10..2024 വൈകുന്നേരം 5 മണിയ്ക്കു മുൻപ് കിഴക്കേനടയിലെ പടികെട്ടിന് താഴെയുള്ളതും, ശ്രീപാദം നടയിലെ സ്റ്റേജുകൾ കെട്ടി പണിപൂർത്തീകരിച്ചിരിക്കണം. ക്വട്ടേഷനുകൾ സ്ഥിരപ്പെടുത്താനോ, നിരസ്സിക്കാനോ ഉള്ള അധികാരം എക്സിക്യൂട്ടീവ് ഓഫീസർക്കായിരിക്കും.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് **"ഉത്സവത്തിനായുള്ള കിഴക്കേനടയിലും, ശ്രീപാദം നടയിലേക്കുമുള്ള സ്റ്റേജുകൾക്കായുള്ള ക്വട്ടേഷൻ"** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്- എ.ഓ, എ.എഫ്.ഓ, മാനേജർ, അസി:അക്കൗണ്ട്സ് ഓഫീസർ, ആഡിററ്, , നോട്ടീസ് ബോർഡ്, വെബ് സൈററ്, നാലുനടയിലും, സ്റ്റോക്ക് ഫയൽ.

# ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

മതിലകം ഓഫീസ്, ഫോർട്ട്,തിരുവനന്തപുരം-695 023

NO.C.1/SPST/2024/2823 05.10.2024

<u>സെക്ഷൻ ഹെഡുക്കൾക്ക്</u>

**വിഷയം: അൽപശി ഉത്സവം 2024**

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ 2024-ാം മാണ്ട് അൽപശി ഉത്സവം 25.10.2024ൽ മണ്ണുനീർകോരൽ ചടങ്ങോടുകൂടി തുടങ്ങും. 30.10.2024ൽ ബ്രഹ്മകലശാഭിഷേകവും, 31.10.2024ൽ തൃക്കൊടിയേറ്റും, 08.11.2024 പള്ളിവേട്ടയും, 09.11.2024ൽ ആറാട്ടോടുകൂടി സമാപിക്കുന്നതാണ്. ആയതിനാൽ ഉത്സവത്തോടനുബന്ധിച്ച് തങ്ങളുടെ ചുമതലയിൽ നടത്തേണ്ട എല്ലാ ഏർപ്പാടുകളും കാലേകൂട്ടി ചെയ്യുന്നതിന് എല്ലാ സെക്ഷൻ ഹെഡുകളെയും അറിയിക്കുന്നു.

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്: എ.ഒ, മാനേജർ, എഫ്.എ.ഒ, പെരിയനമ്പി, പഞ്ചഗവ്യത്തുനമ്പി, തെക്കേടം നമ്പി, തിരുവമ്പാടി നമ്പി, അസ്സി: അക്കൗണ്ട്സ് ഓഫിസർ, ശ്രീകാര്യക്കാർ, അസ്സി: ശ്രീകാര്യക്കാർ, ആഡിററ് സെക്ഷൻ, ഓണവില്ല് സൂപ്പർവൈസർ, ഗാർഡ് കമാന്റർ, അന്നദാനം സെക്ഷൻ, പുറംതളി വിചാരിപ്പ്, കൗണ്ടർ ഇൻചാർജ്, ക്ലോക്ക് റൂം ഇൻചാർജ്, ഗോശാല/ആനപരിപാലന സൂപ്പർവൈസർ, സ്റ്റോർകീപ്പർ, മുതൽപിടി, അസി:മുതൽപിടി, സർവർ റൂം ക്ലാർക്ക്, പാത്രം തേയ്പ് ഹെഡ്, ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് അസ്സിസ്റ്റന്റ്, ഇലക്ട്രീഷ്യൻ, പെരിയോച്ചൻ, നാദസ്വരവിഭാഗം,പഞ്ചവാദ്യവിഭാഗം, പർച്ചേസ്സെക്ഷൻ, പാഞ്ചജന്യം ഇൻചാർജ്, സ്റ്റോക്ക് ഫയൽ.

# ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

മതിലകം ഓഫീസ്, ഫോർട്ട്,തിരുവനന്തപുരം-695 023

NO.C.1/SPST/2024/2823 05.10.2024

ശ്രീകാര്യക്കാർക്ക്

**വിഷയം: അൽപശി ഉത്സവം 2024**

ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിൽ 2024-ാം മാണ്ട് അൽപശി ഉത്സവം 25.10.2024ൽ മണ്ണുനീർകോരൽ ചടങ്ങോടുകൂടി തുടങ്ങും. 30.10.2024ൽ ബ്രഹ്മകലശാഭിഷേകവും, 31.10.2024ൽ തൃക്കൊടിയേറ്റും, 08.11.2024ൽ പള്ളിവേട്ടയും, 09.11.2024ൽ ആറാട്ടോടുകൂടി സമാപിക്കുന്നതാണ്. ആയതിനാൽ ഉത്സവത്തോടനുബന്ധിച്ച് ശ്രീകാര്യക്കാരുടെ ചുമതലയിൽ നടത്തേണ്ട എല്ലാ ഏർപ്പാടുകളും കാലേ കൂട്ടി ചെയ്യുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാകുന്നു.

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്: എ.ഒ, മാനേജർ, എഫ്.എ.ഒ, പെരിയനമ്പി, പഞ്ചഗവ്യത്തുനമ്പി, തെക്കേടം നമ്പി, തിരുവമ്പാടി നമ്പി, അസ്സി: അക്കൗണ്ട്സ് ഓഫീസർ, അസ്സി: ശ്രീകാര്യക്കാർ, സ്റ്റോക്ക് ഫയൽ.

# ശ്രീ പത്മനാഭസ്വാമി ക്ഷേത്രം

മതിലകം ഓഫീസ്, ഫോർട്ട്,തിരുവനന്തപുരം-695 023

NO.C.1/SPST/2024/ 2823 05.10.2024

**ശ്രീകാര്യക്കാർക്ക്**

**വിഷയം:- അൽപശി ഉൽസവം-2024**

ക്ഷേത്രത്തിൽ അൽപശി ഉൽസവത്തോടനുബന്ധിച്ച് കലശങ്ങളും, ശ്രീബലിയും വഴിപാട് നടത്തുന്ന ഭക്തജനങ്ങൾക്ക് താഴെ വിവരിക്കും പ്രകാരമുള്ള പ്രസാദങ്ങൾ നൽകേണ്ടതാണ്.

1\. 30.10.2024 ബ്രഹ്മകലശം (തെക്കേടം,വടക്കേടം തിരുവമ്പാടി) : പാൽപായസം 3 ലി., എട്ടിലൊന്നു് മേനി തുലാപായസം,ആടിയശിഷ്ടം നെയ്യ് അരക്കിലോ, തേൻ അരക്കിലോ, ചെറിയവെള്ളികലശക്കുടത്തിൽ പ്രസാദം

2\. ഒന്നാം ഉൽസവം മുതൽ പത്താം ഉൽസവം വരെ (31.10.2024 മുതൽ 09.11.2024 വരെ)

**8.30 നുള്ള വഴിപാടുകാർക്ക്** : പാൽപായസം 3 ലി.എട്ടിലൊന്ന് മേനി തുലാപായസം, ചെറിയ വെള്ളിത്തട്ടത്തിൽ പ്രസാദം.

**4.30നുള്ള വഴിപാടുകാർക്ക്** : 3 ലി.പാൽപായസം,എട്ടിലൊന്നു് മേനി തുലാപായസം, ചെറിയവെള്ളിതട്ടത്തിൽ പ്രസാദം

01.11.2024 മുതൽ 08.11.2024 വരെ കലശാഭിഷേകങ്ങൾക്ക്(10.11.2024ൽ നടക്കുന്ന ആറാട്ട്കലശം ഉൾപ്പടെ) 2 ലി. പാൽപായസം, എട്ടിലൊന്ന് മേനിതുലാപായസം,ചെറിയ വെള്ളി കുടത്തിൽ പ്രസാദം എന്നിവ വഴിപാടുകാർക്ക് നൽകാവുന്നതാണ്.കൂടാതെ ശ്രീബലികൾ ബുക്ക്ചെയ്ത ഭക്തന്മാർക്ക് പുരുഷന്മാരായ 2 പേരെ ശ്രീബലിയുടെ കൂടെ അകമ്പടി സേവിക്കുവാൻ അനുവദിക്കാവുന്നതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്: എ.ഒ, എഫ്.എ.ഒ, മാനേജർ, അസ്സി.അക്കൗണ്ട്സ്ഓഫീസർ, അസി.ശ്രീകാര്യം, മുതൽപിടി, ഓഡിറ്റ്, സ്റ്റോർകീപ്പർ,കൗണ്ടർ ഇൻചാർജ്ജ്,ഇൻഫോർമേഷൻ ആന്റ് പബ്ലിക്കേഷൻ അസിസ്റ്റന്റ്,ഗാർഡ്കമാന്റർ, പാത്രം തേയ്പ്ഹെഡ്, സ്റ്റോക്ക് ഫയൽ

**Sree Padmanabha Swamy Temple**
Mathilakam Office, Ulsavamadom Building, North Nada,
Fort (PO), Thiruvananthapuram-695023
0471 2450 233, 2450 031, 93872 59877
www.spst.in
eospsttvpm@gmail.com | mathilakamofficespst@gmail.com

NO.C.1/SPST/2024/2823 05.10.2024

**<u>ക്വട്ടേഷൻ നോട്ടീസ്</u>**

**<u>വിഷയം:-അൽപശി ഉൽസവം 2024 ശീവേലിപ്പുരയിൽ മേൽക്കെട്ടി കെട്ടുന്നതു സംബന്ധിച്ച്</u>**

ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ അൽപശി ഉൽസവകലശം തുടങ്ങുന്നതിനു ഒരാഴ്ച മുൻപ് (22.10.2024) തീരത്തക്കവണ്ണം ജോലി തീർക്കുന്ന രീതിയിൽ അകത്തെ ചെറു ചുറ്റിലും ശീവേലിപ്പുരയിലും മേൽക്കട്ടികൾ,ജാലറുകൾ ഇവ മതിലകം മുതൽപിടിയിൽ നിന്നും ഏറ്റുവാങ്ങി ഭംഗിയായി കെട്ടുകയും,ഉൽസവംകഴിഞ്ഞ് 5 ദിവസത്തിനുള്ളിൽ ശീവേലിപ്പുരയിൽകെട്ടിയിരിക്കുന്ന ജാലറി,മേൽക്കട്ടി തുടങ്ങിയവ അഴിച്ചെടുത്ത് വെയിലിൽഉണക്കിയശേഷം കൃത്യമായ ചതുരത്തിൽ മടക്കി വൃത്തിയാക്കി ക്ഷേത്രത്തിലെ മുതൽപിടിയെ ഏൽപിക്കുകയും ചെയ്യേണ്ടതാകുന്നു.

മേൽപറഞ്ഞ ജോലികൾ കുത്തകാടിസ്ഥാനത്തിൽ നടത്തുന്നതിന് താൽപര്യമുള്ള ഹിന്ദുമതവിശ്വാസികളിൽ നിന്നും പ്രതിഫലം(ജി.എസ്.റ്റി ഉൽപ്പെടെ) എഴുതിയ ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ **17.10.2024** വൈകുന്നേരം 03.00 മണിയ്ക്കു മുൻപായി മതിലകം ഓഫീസിൽ സമർപ്പിക്കേണ്ടതാകുന്നു. അന്നേ ദിവസം വൈകുന്നേരം 04.30 മണിയ്ക്ക് ഹാജരുള്ള ക്വട്ടേഷൻ സമർപ്പിച്ചവരുടെ സാന്നിദ്ധ്യത്തിൽ തുറന്നുപരിശോധിച്ച് സ്ഥിരപ്പെടുത്തുന്നതാണ്.ക്വട്ടേഷൻ സ്ഥിരപ്പെടുത്തുവാനോ, നിരസിക്കുവാനോ ഉള്ള പൂർണ്ണ അധികാരം എക്സിക്യുട്ടീവ് ഓഫീസർക്കായിരിക്കും.

ക്വട്ടേഷൻ സമർപ്പിക്കുന്ന സീൽഡ് കവറിന് പുറത്ത് **ശീവേലിപ്പുരയിൽ മേൽക്കെട്ടി കെട്ടുന്നതിനായുള്ള ക്വട്ടേഷൻ'** എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:-എ.ഒ,,എഫ്.എ.ഒ, മാനേജർ,അസി:അക്കൗണ്ട്സ് ഓഫിസർ, ആഡിററ്, നോട്ടീസ് ബോർഡ്, വെബ് സൈററ്, നാലുനടയിലും, സ്റ്റോക്ക് ഫയൽ